## പാഠം 15

മുന്തിരി കണ്ടിട്ടും കേട്ടിട്ടുമുണ്ടാകുമല്ലോ. അതിന് അറബിയിൽ **ഇനബ്** എന്ന് പറയുന്നു. സാധാരണ മലയാളത്തിൽ ഇല എന്നു പറയുന്ന ഇ അല്ല ഇനബിന്റേത്. തൊണ്ടയുടെ അങ്ങേ അറ്റത്തുനിന്നുമാണത് ഉച്ചരിക്കേണ്ടത്. ഇനബ് എന്നാൽ മുന്തിരി എന്ന് ഹൃദിസ്തമായാൽ എഴുതി ശീലിക്കുക.
(ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)



| | | | | |
|---|---|---|---|---|
| عِنَبْ | ഇനബ് عِ نَ بْ | بْ | نَ | عِ |
| എഴുതുന്ന രൂപം | **മുന്തിരി** | **ബ്** | **ന** | **ഇ** |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

ദേഷ്യമെന്നു കേട്ടാൽ വേഗം മനസ്സിലാക്കാം. കാരണം ദേഷ്യമില്ലാത്തവർ ഉണ്ടാകില്ല. **ഗദബ്** / **ഗളബ്** എന്നാണ് അറബിയിൽ അതിന് പറയുന്നത്. ഗദബ് = കോപം, ദേഷ്യം എന്ന് ഓർക്കുക. എന്നിട്ട് എഴുതുക.



| | | | | | |
|---|---|---|---|---|---|
| غَضَبْ | غَ ضَ ب ഗദബ് | | بْ | ضَ | غَ |
| എഴുതുന്ന രൂപം | **ദേഷ്യം** | | **ബ്** | **ദ** | **ഗ** |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.
**<u>നിയമം:</u>** ഗദബിന്റെ ഗ എന്ന അക്ഷരം മലയാളത്തിൽ ഗംഗ എന്ന് പറയുന്നതുപോലെയല്ല. നേരത്തെ ഇനബിന്റെ ഉച്ചാരണരീതി പറഞ്ഞതുപോലെ അണ്ണാക്കും തൊണ്ടയും അൽപം സ്പർശിച്ചുകൊണ്ടുവേണം അറബിയിലെ ഗ ഉച്ചരിക്കുവാൻ.

---

മീതെ, മുകളിൽ തുടങ്ങിയ അർഥങ്ങളിൽ അറബിയിൽ ഉപയോഗിക്കുന്നത് **ഫൗഖ്** എന്ന വാക്കാണ്. ഫൗഖ് എന്ന് വാക്ക് ഹൃദിസ്തമാക്കി എഴുതുക. ഫൗഖ് = മുകളിൽ

| | | | | |
|---|---|---|---|---|
| فَوْقْ | ഫൗഖ് فَ وْ قْ | قْ | وْ | فَ |
| എഴുതുന്ന രൂപം | **മുകളിൽ** | **ഖ്** | **വ്** | **ഫ** |


കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക. ഫവ്ഖ് എന്നു പറയില്ല. ഫൗഖ് എന്നാണ് ഉച്ചരിക്കേണ്ടത്.

---

കൂട്ടിയെഴുതുന്ന രൂപം:

| | | |
|---|---|---|
| ഇനബ് | عِنَبْ | عِ نَ بْ |
| ഗദബ് | غَضَبْ | غَ ضَ بْ |
| ഫൗഖ് | فَوْق | ف و ق |

അക്ഷരങ്ങൾ എഴുതുന്ന രീതി



**പരിശീലനം:**

1. താഴെ പറയുന്ന വാക്കുകൾ അറബിയിൽ കൂട്ടി എഴുതുക:
വഖ്ഫ് അബവ് വഖഅ വദബ്
2 താഴെ എഴുതിയ വാക്ക് വായിച്ച് കൂട്ടിയെഴുതുക:

ف و ق غ ص ن